**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.95** **21.03.2013-ലെ മറുപടിക്ക്**

**ഭൂപരിഷ്കരണ നിയമ ഭേദഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.അടൂർപ്രകാശ് |
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| ശ്രീ.രാജു എബ്രഹാം | |
| ശ്രീ.സി.കെ.സദാശിവൻ | |

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമം വീണ്ടും ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്താവശ്യത്തിലേക്കാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം 1963 നിലവിൽ വന്നതു മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയിൽ നിന്നും ആർജ്ജിച്ചതും 4 ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ളതും വിലകൊടുത്തു വാങ്ങിയതോ മറ്റേതെങ്കിലും വിധത്തിലൂടെ യോ കൈവശം വച്ചിരിക്കുന്നവരെ കുടിയാൻമാരായി കണക്കാക്കുന്നതാണ്. കേരളത്തിൽ ഭൂരഹിതർക്ക് പതിച്ചു നല്കാനുള്ള ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ 4 ഹെക്ടർ എന്നുള്ളത് 4 ഏക്കർ എന്നാക്കി ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് ആക്ട് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | തോട്ടങ്ങൾ മറ്റാവശ്യങ്ങൾക്ക് വീണ്ടും അനുവദിക്കാൻ ഈ ഭേദഗതിയിൽ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥചെയ്യുന്ന ഭാഗത്ത് കൃഷിക്ക പുറമേ മൃഗസംരക്ഷണം, ഡെയറിഫാമുകളുടെ നടത്തിപ്പ് എന്നിവകൂടി ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ട്. |
| (സി) | തോട്ടങ്ങൾ എന്തെല്ലാം ആവശ്യങ്ങൾക്കാണിപ്പോൾ ഉപയോഗിക്കാവുന്നത്; മറ്റെന്താവശ്യങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്; | (സി) | തോട്ടങ്ങളുടെ 5% സ്ഥലത്തിന്റെ 90%വും കൃഷിക്കും അനുബന്ധ സൗകര്യങ്ങൾക്കും ഉൾപ്പെടുത്തണം എന്നും ഈ സ്ഥലത്ത് സംയോജിതകൃഷി, ക്ഷീരോൽപ്പാദനം, പച്ചക്കറികൾ, ഫലങ്ങൾ, അലങ്കാരപുഷ്പങ്ങൾ, ഔഷധകൃഷി, സുഗന്ധ സസ്യകൃഷി, കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവ നടപ്പാക്കണം എന്നും വ്യവസ്ഥ ചെയ്യുന്നു. കഴിവതും ജൈവകൃഷിമാത്രം നടപ്പാക്കുക കൂടാതെ 5%ത്തിന്റെ 10% 10 ഏക്കറിൽ പരിമിതപ്പെടുത്തി മാത്രമേ ഫാം |

| | | | |
|---|---|---|---|
| | | | ടൂറിസത്തിനുവേണ്ടി വിനിയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷിക്കു പുറമെ മൃഗസംരക്ഷണം, ഡയറി ഫാമുകളുടെ നടത്തിപ്പ് എന്നിവയും കൂടി ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ട്. |
| (ഡി) | ഇത്തരം പരിഷ്കാരങ്ങൾ ഭൂമാഫിയകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഇ) | ആരാഞ്ഞിരുന്നു; 25.02.2012, 03.10.2012, 05.01.2013, 27.02.2013 എന്നീ തീയതികളിൽ ഇതു സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. |
| (എഫ്) | ഭേദഗതി നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം വിയോജിപ്പുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | വിയോജിപ്പുകൾ ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ